**<u>കേന്ദ്ര വിദേശകാര്യ മന്ത്രിയുടെ ശ്രീലങ്കാ സന്ദര്ശനം (ഫെബ്രുവരി 5-6, 2016)</u>**

ഫെബ്രുവരി 06, 2016

കൊളംബോയില് ഫെബ്രുവരി 05-06,2016 ല് നടന്ന ഇന്ത്യാ-ശ്രീലങ്ക സംയുക്ത സമിതിയുടെ ഒന്പതാം യോഗത്തിലേക്കുള്ള വകുപ്പ് തല പ്രതിനിധികള്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് നേതൃത്വം നല്കി . ഫെബ്രുവരി അഞ്ചിന് നടന്ന യോഗത്തില് ശ്രീലങ്കയുടെ ആദരണീയനായ വിദേശകാര്യ മന്ത്രി ശ്രീ മംഗള സമരീശ്വരക്കൊപ്പം ശ്രീമതി സുഷമ സ്വരാജ് അധ്യക്ഷപദം പങ്ക് വച്ചു . മൂന്നു വര്ഷത്തെ ഇടവേളക്ക് ശേഷം നടനന്ന സംയുക്ത സമിതി യോഗം , എട്ടാമത്തെ യോഗം നടന്ന ജനുവരി 22, 2013 മുതല് ഇന്ന് വരെയുള്ള ഉഭയകക്ഷി ബന്ധങ്ങളിലെ മാറ്റങ്ങള് അവലോകനം ചെയ്തു

ശ്രീലങ്കയുടെ പ്രസിഡണ്ട് ഹിസ് എക്സലന്സി , ശ്രീ മൈത്രിപാല സിരിസേന ഫെബ്രുവരി 2015 ല് നടത്തിയ ഇന്ത്യാ സന്ദര്ശനം, മാര്ച്ച് 2015 ല് ആദരണീയനായ ഇന്ത്യന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നടത്തിയ ശ്രീലങ്കയിലെ സന്ദര്ശനം , ശ്രീലങ്കയിലെ ആദരണീയനായ പ്രധാനമന്ത്രി ശ്രീ റനില് വിക്രമസിംഗെ സെപ്റ്റംബര് 2015 ല് നടത്തിയ ഇന്ത്യാ സന്ദര്ശനം ഉള്പ്പെടെ 2016 ലെ ഉന്നത തല സന്ദര്ശനങ്ങളിലെ വേഗത തുടരാന് കേന്ദ്രമന്ത്രി സുഷമ സ്വരാജിന്റെ സന്ദര്ശനം ഇടയാക്കി . ജനുവരി 2015 ല് ശ്രീലങ്കയുടെ ആദരണീയനായ വിദേശകാര്യ മന്ത്രി ഇന്ത്യ സന്ദര്ശിച്ചിരുന്നു , ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ ശ്രീലങ്കാ സന്ദര്ശനത്തിന് മുന്നോടിയായി കേന്ദ്രമന്ത്രി സുഷമ സ്വരാജ് മാര്ച്ച് 2015 ല് ശ്രീലങ്ക സന്ദര്ശിച്ചിരുന്നു

സാംസക്കാരികപരവും ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളുടെയും മുകളില് സ്ഥാപിക്കപ്പെട്ടതും എല്ലാ മേഖലകളിലും വ്യാപരിക്കുകയും ചെയ്യുന്ന ഇന്ത്യാ- ശ്രീലങ്ക ബഹുമുഖ ബന്ധങ്ങളിലെ സവിശേഷത , തീവ്രത , ആഴം എന്നിവയെ സംയുക്ത സമിതി അംഗീകരിക്കുകയുണ്ടായി

സാമ്പത്തിക-സാങ്കേതിക വിദ്യ സഹകരണ കരാറില് ചര്ച്ചകള് ആരംഭിക്കുന്നതിന് ഇരുഭാഗവും നടത്തിക്കൊണ്ടിരിക്കുന്ന തയാറെടുപ്പുകളുടെ കണക്കെടുപ്പ് ചര്ച്ച ചെയ്യപ്പെട്ടു. ഡിസംബര് 21, 2015 നു ന്യൂഡെല്ഹിയില് നടന്ന നാലാമത് വ്യവസായ സെക്രട്ടറി തല ചര്ച്ചയില് പ്രാരംഭ ചര്ച്ചകള് നടത്തിയിരുന്നു . നോണ് താരിഫ് ബാരിയേഴ്സിലും ( Non-Tariff Barriers (NTB), ഫൈറ്റോസാനിട്ടറി ബാരിയേഴ്സ് (Phytosanitary Barriers (PTB) നിയന്ത്രണങ്ങള് ,
പ്രക്രിയകള് എന്നിവയെ കുറിച്ച് ഇന്ത്യ കൊളംബോയില് മാര്ച്ച് ആദ്യ പാദത്തില് ശില്പശാല സംഘടിപ്പിക്കും . ഇരു വശങ്ങളിലെയും സി ഇഒ ഫോറം പുനഃസംഘടിപ്പിക്കുന്നതിനെ കുറിച്ചുള്ള അവലോകനവും വ്യാപാര ബന്ധങ്ങള് വര്ദ്ധിപ്പിക്കുന്നതിന് ശ്രീലങ്കയുടെ കയറ്റുമതി പ്രചാരണ ബോര്ഡിന്റെ നിര്ദേശങ്ങളും പങ്ക് വച്ചു

ചര്ച്ച ചെയ്യപ്പെട്ട നിരവധി പദ്ധതികളില് കൂടുതല് സഹകരണത്തിനുള്ള മാര്ഗങ്ങള് സംയുക്ത സമിതി ചര്ച്ച ചെയ്തു , പാലാലെ വിമാനത്താവളം പദവി ഉയര്ത്തുക, കണ്കേശന് തുറൈ തുറമുഖത്തെ അടിസ്ഥാന സൌകര്യ വികസനം , സമ്പൂര് പവര് പ്ലാന്റ് , ട്രിങ്കോമാലിയില് പ്രത്യേക സാമ്പത്തിക മേഖല എന്നിവ ഇതില് ഉള്പ്പെടുന്നു

വിനോദസഞ്ചാര മേഖലയില് , ശ്രീലങ്കയില് രാമായണ പഥം സ്ഥാപിക്കുന്നതിനുള്ള സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നതിനും ദക്ഷിണ ഏഷ്യയീല് ബുദ്ധ സര്ക്യൂട്ട്

സ്ഥാപിക്കുന്നതിനും വേണ്ടി വിനോദസഞ്ചാരത്തിലെ സംയുക്ത കര്മ സംഘത്തിന്റെ രണ്ടാം യോഗം 2016 മധ്യത്തില് ചേരും.

സെപ്തംബര് 2013 മുതല് അനിശ്ചിതമായി തുടരുന്ന പുതുക്കിയ വ്യോമയാന സേവന കരാര് , എത്രയും എളുപ്പം ഒപ്പ് വയ്ക്കുന്നതിനായി സംയുക്ത സമിതി

തിടുക്കപ്പെടുത്തുകയുണ്ടായി . എയറോനോട്ടിക്കല് അന്വേഷണം, രക്ഷപ്പെടുത്തല് , കാര്യ ശേശി നിര്മാണം , പൂ്ര്അരിശീലനം ഇന്ത്യന് ഉപഗ്രഹ സംവിധാനമായ

ഗഗന് ഉപയോഗിക്കല് എന്നിവ ഉള്പ്പെടെ വ്യോമയാന മേഖലയില് സഹകരണം വര്ദ്ധിപ്പിക്കുന്നതിന് ഇരു ഭാഗവും തീരുമാനിച്ചു .

ട്രിങ്കോമാലിയിലെ എണ്ണ ടാങ്ക് പാടങ്ങളിലെ സഹകരണം മുന്നോട്ട് കൊണ്ടുപോകുന്നത് ചര്ച്ച ചെയ്യുവാനുള്ള തീയതികള് ശ്രീലങ്ക നിര്ദേശിക്കും. ഒഎന്ജിസി വിദേശിലെയും ഇന്ത്യയുടെ എണ്ണ പ്രകൃതിവാതക മന്ത്രാലയത്തിലെയും പ്രതിനിധികളെ ശ്രീലങ്ക ക്ഷണിക്കുകയും ചെയ്തു

കൂടുതല് സഹകരണം ആവശ്യമുള്ള വാഗ്ദാനം നല്കുന്ന മേഖലയായി പുതുക്കാവുന്ന ഊര്ജ സഹകരണത്തെ കണ്ടെത്തി . വരുന്ന മാസങ്ങളില് ഇന്ത്യയിലെ ന്യൂ ആന്ഡ് റിന്യൂവബിള് എനര്ജി മന്ത്രാലയത്തിലെ പ്രതിനിധികള് ശ്രീലങ്ക സന്ദര്ശിക്കുമെന്ന് പ്രതീക്ഷിക്കുന്നു . സൌരോര്ജ ബന്ധം അംഗീകരിച്ചതിന് ഇന്ത്യ ശ്രീലങ്കയോട് നന്ദി അറിയിച്ചു

ഇന്ത്യ ദീര്ഘിപ്പിച്ച ലൈന്സ് ഓഫ് ക്രെഡിറ്റ് വഴി റെയില്വേ മേഖലയില് നേരത്തെ ആരംഭിച്ച മികച്ച സഹകരണം കൂടുതല് വര്ദ്ധിപ്പിക്കുന്നതിന് ഇന്ത്യയുടെ റെയില്വേ മന്ത്രി ശ്രീലങ്ക

സന്ദർശിക്കുമെന്ന് തീരുമാനിച്ചു

ഇരു രാജ്യങ്ങള്ക്കുമിടയിലുള്ള വികസന സഹകരണ പദ്ധതികളുടെ വിശദമായ അവലോകനം സംയുക്ത സമിതിയുടെ ചര്ച്ചയില് ഉള്പ്പെടുത്തിയിരുന്നു .

50,000 വീടുകളുടെ നിര്മ്മാണവും അറ്റകുറ്റ പണികളും ചേരുന്ന ഇന്ത്യയുടെ ഹൌസിംഗ് പദ്ധതി അവലോകനം ചെയ്യപ്പെട്ടു , 44,000 വീടുകളുടെ നിര്മാണം പൂര്ത്തിയായതില് സംയുക്ത സമിതി സംതൃപ്തി രേഖപ്പെടുത്തി , അതോടൊപ്പം ഉവയിലും കേന്ദ്ര പ്രവിശ്യകളിലുമുള്ള ബാക്കിയുള്ള 4000 വീടുകളുടെ നിര്മാണം ചുരുങ്ങിയ കാലം കൊണ്ട് പൂര്ത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും രേഖപ്പെടുത്തി

ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള വികസന പങ്കാളിത്തത്തിന് മികച്ച മാതൃകയാണ് ചെറുകിട വികസന പദ്ധതികള് (Small Development Projects (SDP) എന്നു സംയുക്ത സമിതി പറഞ്ഞു , അതോടൊപ്പം സെപ്തംബര് 2015 ല് ഈ വിഷയത്തില് ഉഭയകക്ഷി ധാരണാപത്രം പുതുക്കിയതും രേഖപ്പെടുത്തി . ജാഫ്ന സര്വകലാശാലയുടെ കില്ലിനൊച്ചി ക്യാമ്പസില് സിവില് & മെക്കാനിക്കല് സമുച്ചയം സ്ഥാപിക്കല് , ജാഫ്ന സര്വകലാശാലയുടെ കില്ലിനൊച്ചി ക്യാമ്പസില് അഗ്രികള്ച്ചര് ഫാക്കല്റ്റിയുടെ വൈദഗ്ധ്യ വികസന കേന്ദ്രം ; റൂഹുന സര്വകലാശാലയില് രബീന്ദ്രനാഥ് ടാഗോര് സ്മാരക ഓഡിറ്റോറിയ
നിര്മാണം ; മതാലേയില് മഹാത്മാഗാന്ധി അന്താരാഷ്ട്ര കേന്ദ്ര നിര്മാണം ; ശ്രീലങ്കയിലെ ഒന്പത് പ്രവിശ്യകളില് ഇംഗ്ലീഷ് ഭാഷാ ലാബുകള് സ്ഥാപിക്കല് ; ജാഫ്നായിലെ ദുരിയപ്പാ സ്റ്റേഡിയം പുതുക്കി പണിയല് ; പ്ലാന്റേഷന് മേഖലകളില് ചൈല്ഡ് ഡെവലപ്മെന്റ് കേന്ദ്രങ്ങളുടെ നിര്മാണം തുടങ്ങിയവയാണ് എസ്ഡി പി മാതൃകയുടെ കീഴിലുള്ള പദ്ധതികള് . സംയുക്ത

കമ്മീഹ്സ്സ പ്രധാനപ്പെട്ട എസ്ഡിപി പദ്ധതികള് അല്ലാത്തവയും അവലോകനം ചെയ്തു ;

സാമ്പത്തിക സഹായത്തോടെ നിര്മിക്കുന്ന ജാഫ്ന സാംസ്ക്കാരിക കേന്ദ്രം, ഇന്ത്യയിലെ ബയേഴ്സ് ബാങ്കിന്റെ ബയേഴ്സ് ക്രെഡിറ്റ് പദ്ധതിയുടെ കീഴില് ഇന്ത്യയിലെ കമ്പനികള് ഏറ്റെടുത്തു ചെയ്യുന്ന ഏകദേശം 475 ദശലക്ഷം അമേരിക്കന് ഡോളര് ചെലവ് വരുന്ന ജല വിതരണ പദ്ധതികള് എന്നിവ അവയില് ഉള്പ്പെടും . എസ്ഡിപി മാതൃകയുടെ കീഴില് കൂടുതല് പദ്ധതികള് ഏറ്റെടുക്കണമെന്ന് ശ്രീലങ്കയുടെ ഭാഗം ഇന്ത്യാ ഗവണ്മെന്റിനോട് അഭ്യര്ഥിച്ചു. ചര്ച്ചകള് തീരവെ രണ്ടു എസ്ഡിപി ധാരണാപത്രങ്ങള് ഒപ്പ് വയ്ക്കപ്പെട്ടു ; ഉത്തര പ്രവിശ്യയിലെ മുന്ഗണനപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 27 സ്കൂളുകളില്
അടിസ്ഥാന സൌകര്യങ്ങളില് പുതുക്കി പണിയല് , ബട്ടികലോവയിലെ അധ്യാപന ആശുപത്രിയില് ചികിത്സാ ഉപകരണങ്ങളുടെ വിതരണവും ഒരു ശസ്ത്രക്രിയാ യൂണിറ്റ് നിര്മാണവും ആണവ

2105-18 ലേക്കുള്ള സാംസ്ക്കാരിക സഹകരണ പദ്ധതികള് അവലോകനം ചെയ്യപ്പെട്ടു . ' സംഗം ' എന്ന ഇന്ത്യയുടെ ഉത്സവം ഇരു രാജ്യങ്ങളുടെയും സാംസ്ക്കാരിക പാരമ്പര്യം പങ്കുവയ്ക്കപ്പെടുന്ന ആഘോഷമായി സംയുക്ത സമിതി കണക്കാക്കി

ശ്രീലങ്കയിലെ വിദ്യാര്ഥികള്ക്ക് ഇന്ത്യയിലെ സര്വകലാശാലകളില് നിന്നും നേടാവുന്ന അണ്ടര് ഗ്രാഡുവേറ്റ്, മാസ്റ്റേഴ്സ് , പിഎച്ച് ഡി ഡിഗ്രികള്ക്കുള്ള സ്കോളര്ഷിപ്പുകള്, ഐടിഇസി സ്കോളര്ഷിപ്പുകള് അധിക കോഴ്സുകള്ക്കുള്ള ശ്രീലങ്കയുടെ ആവ്ശ്യങ്ങള് , സീറ്റുകള് , അതേ പോലെ ഇന്ത്യയിലെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങള്ക്ക് ശ്രീലങ്കയില്

ക്യാമ്പസുകള് ആരംഭിക്കുക എന്നിവ ഉള്പ്പെടെ വിദ്യാഭ്യാസ മേഖലയിലെ സഹകരണം വിലയിരുത്തി

രണ്ടായിരത്തി പതിനാലില് കാലാവധി തീര്ന്ന സഹകരണ കര്മ്മപരിപാടി ( Programme of Cooperation) നീട്ടുന്നതിനും ശാസ്ത്ര സാങ്കേതിക വിദ്യ സംയുക്ത കമ്മിറ്റിയുമായി ബന്ധപ്പെട്ട സഹകരണത്തിനും ആവശ്യമായ സാധ്യതകള് പെട്ടെന്നു നടപ്പാക്കുവാന് സംയുക്ത സമിതി പ്രോത്സാഹിപ്പിച്ചു

സാര്ക് മേഖലയിലെ ഉപഗ്രഹ ഭ്രമണപഥ ഏകോപന കരാറിലെ (Agreement on Orbital Coordination of Satellite ) ഭാഗം ആണ് ശ്രീലങ്ക . സ്പേസ് സാങ്കേതികവിദ്യ പ്രയോഗത്തില് സ്ഥാപനങ്ങളുടെ ബന്ധങ്ങളിലെ പ്രാധാന്യം ഇരു വിഭാഗവും ഊന്നി പറഞ്ഞു . സഹകരണത്തിന് സാധ്യമായ മേഖലകളെ കണ്ടെത്തുന്നതിന് ഐ എസ് ആര് ഒ യിലെ ഒരു പ്രതിനിധി സംഘം ശ്രീലങ്കയിലെ തങ്ങളുടെ പതിപ്പുമായി കൂടിക്കാഴ്ച നടത്തും

രണ്ടായിരത്തി പതിനഞ്ചില് ധാരാണാപത്രത്തിന് കീഴില് അംഗീകരിക്കപ്പെട്ട കര്മ പദ്ധതികള് നടപ്പാക്കുന്നത് ത്വരിതപ്പെടുത്തുന്നതിനും കാര്ഷിക മേഖലയിലെ ചര്ച്ചകള് സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കുവാനും നടപ്പാക്കുവാനും ഇരു രാജ്യങ്ങളും തീരുമാനിച്ചു

പ്രതിരോധ സഹകരണമാണ് ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ദീര്ഘമായ സഹകരണത്തിലെ കാതലായ ഒരു മേഖല . ഇപ്പോള് നിലവിലുള്ള പ്രതിരോധ സംബന്ധമായ നിരവധി സംവിധാനങ്ങളിലൂടെ ഉള്ള സഹകരണം കൂടുതല് തീവ്രമാക്കുന്നതിനെ സമിതി പ്രോത്സാഹിപ്പിച്ചു

തീവ്രവാദത്തെ പ്രതിരോധിക്കുവാനുള്ള സഹകരണത്തിലെ

പ്രാധാന്യവും ഇരു രാജ്യങ്ങളും ഒരുമിച്ച് നിന്നു പ്രവര്ത്തിക്കേണ്ടതിന്റെ ആവശ്യവും സംയുക്ത കമ്മീഷന് ചൂണ്ടിക്കാണിച്ചു

ടിക്കോയയിലെ 150 കിടക്ക സൌകര്യമുള്ള ഹാട്ടന് ആശുപത്രി , വാവുനിയയിലെ ജില്ലാ ആശുപത്രിയിലേക്ക് 200 ബെഡ് വാര്ഡ് സമുച്ചയം, ചികിത്സാ ഉപകരണങ്ങള് , ജാഫ്ന, കില്ലിനൊച്ചി, മുല്ലൈതീവ് ജില്ലാ ആശുപത്രികളിലേക്ക് ചികിത്സാ ഉപകരണങ്ങളുടെ വിതരണം തുടങ്ങിയവയില് ഇന്ത്യ നല്കിയ വികസന സഹായത്തെ ശ്രീലങ്ക അഭിനന്ദിച്ചു . ആരോഗ്യമേഖലയിലെ ഇപ്പോള് നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതിയിലും വിജയകരമായി നടപ്പിലാക്കിയ പദ്ധതികളെ കുറിച്ചുമുള്ള സംതൃപ്തി ഇരു വിഭാഗവും രേഖപ്പെടുത്തി

വടക്കന്-തെക്കന് ശ്രീലങ്കന് പ്രവിശ്യകളില് അടിയന്തിര ആംബുലന്സ് സേവനം തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ഇന്ത്യാ ഗവണ്മെന്റ് നല്കിയതിനെ അഭിനന്ദിക്കപ്പെട്ടു . സ്വകാര്യ മേഖലാ നിക്ഷേപം , പരമ്പരാഗത മരുന്നുകള് , പരിശീലന അവസരങ്ങള് തുടങ്ങി ആരോഗ്യമേഖലയിലെ സഹകരണ മേഖലകളെ കുറിച്ച് ഇരു വിഭാഗവും ചര്ച്ച ചെയ്തു

ഇന്ത്യയിലെയും ശ്രീലങ്കയിലെയും പുരാതനവും സുസ്ഥാപിതവുമായ പരമ്പരാഗത ചികിത്സാ സംവിധാനങ്ങളെ സംയുക്ത കമ്മീഷന് അംഗീകരിക്കുകയും ഈ മേഖലയിലെ സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്തു

ഇരു രാജ്യങ്ങളിലേയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികള് തമ്മില് കൂടുതല് അടുത്തു ബന്ധങ്ങള് വേണം എന്നതിലെ പ്രാധാണ്യം സംയുക്ത സമിതി ഊന്നി പറഞ്ഞു . ഇതോടു

അനുബന്ധിച്ച് മാര്ച്ച് 2016 അവസാന പാദത്തില് ശ്രീലങ്കയുടെ പാര്ലമെന്ററില് നിന്നും ഒരു പത്ത് അംഗ  പ്രതിനിധി സംഘത്തെ ഇന്ത്യ സന്ദര്ശിക്കുന്നതിനും  പരിശീലനത്തിനുമായുള്ള ബ്യൂറോ ഓഫ് പാര്ലമെന്ററി സ്റ്റഡീസ് ക്ഷണം ശ്രീലങ്ക സ്വാഗതം ചെയ്തു.

മത്സ്യബന്ധന തൊഴിലാളികളുടെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുവാന് ഇരു വിഭാഗവും തീരുമാനിച്ചു . ഈ വിഷയത്തില് ശ്രീലങ്കയുടെ ഫിഷറീസ് മന്ത്രിയെ  ഇന്ത്യ സന്ദര്ശിക്കുവാനായി ക്ഷണിക്കുകയും ക്ഷണം സ്വീകരിക്കുകയും ചെയ്തു .

അടുത്ത കുറച്ചു മാസങ്ങളിലേക്കുള്ള അനവധി  കാര്യങ്ങള് യോഗത്തില് ചര്ച്ച ചെയ്യപ്പെട്ടു . 2015 ല് തെരഞ്ഞെടുക്കപ്പെട്ട സാധ്യതകള് നടപ്പിലാക്കുവാനുള്ള  വര്ഷമായി 2016 കണക്കാക്കപ്പെട്ടു

പത്താം സംയുക്ത കമ്മീഷന് യോഗം ഫെബ്രുവരി 2107ല് ഇന്ത്യയില് വച്ചു നടത്താമെന്ന് ഇന്ത്യയുടെ കേന്ദ്ര വിദേശകാര്യ മന്ത്രിയും ശ്രീലങ്കയുടെ
വിദേശകാര്യമന്ത്രിയും തീരുമാനിച്ചു

ഇന്ത്യയുടെ വിവര സാങ്കേതിക വിദ്യ നേടിയ പുരോഗതിയും പോയ വര്ഷങ്ങള് കൊണ്ട് നേടിയ ഡിജിറ്റല് വിപ്ലവവും പ്രദര്ശിപ്പിക്കുന്ന ''ഡിജിറ്റല് ഇന്ത്യയുടെ ഉദയം ''( "Rise of Digital India”) പ്രദര്ശനം ഫെബ്രുവരി ആറിന് കേന്ദ്രമന്ത്രി സുഷമ സ്വരാജ്  ബി എം ഐ സി എച്ചില്  ഉദ്ഘാടനം ചെയ്തു

സന്ദര്ശനത്തിന്റെ ഭാഗമായി കേന്ദ്രമന്ത്രി സുഷമ സ്വരാജ് ശ്രീലങ്കയുടെ പ്രസിഡണ്ട് ശ്രീ മൈത്രിപാല സിരിസേന , പ്രധാനമന്ത്രി ശ്രീ റനില് വിക്രമസിംഗെ ,  ശ്രീലങ്കയിലെ മുന് പ്രസിഡണ്ട് ആദരണീയയായ ശ്രീമതി ചന്ദ്രിക ബണ്ഡാരനായികേ

കുമാരതുംഗ  എന്നിവരുമായി കൂടിക്കാഴ്ച നടത്തി . ശ്രീമതി സുഷമ സ്വരാജ്  പ്രതിപക്ഷ നേതാവായ ശ്രീ ആര് സമ്പന്തനേയും ശ്രീല്ങ്കയ്ക്ക് മുസ്ലീം കോണ്ഗ്രസ് , ഇന്ത്യന്യില് തുടക്കം കുറിച്ച തമിഴ് പാര്ട്ടികള് എന്നിവരുമായും കൂടിക്കാഴ്ച നടത്തി